39

# രാജാവും അവന്റെ സ്ഥാനാപതികളും

## മത്തായി 10, ഒരടുത്ത നോട്ടം

മത്തായിയുടെ പുസ്തകം ഊന്നൽ കൊടുത്തിരിക്കുന്നത് രാജാവിനും അവന്റെ രാജ്യത്തിനുമാണ്.[1] നമ്മുടെ പഠനത്തിൽ ഇതുവരെ, മത്തായി രാജാവിന്റെ യോഗ്യതകളെ ഊന്നി, നിറവേറപ്പെട്ട പ്രവചനത്തിന്റെയും അത്ഭുത പ്രവൃത്തികളുടെയും രേഖകൾ നൽകുന്നു.

എങ്ങനെയായാലും, മത്തായി 9–ന്റെ അവസാനം, രാജാവായ യേശുവിന് ഒരാവശ്യമുണ്ടായിരുന്നു. അവൻ "ഗ്രാമം തോറും സഞ്ചരിച്ചു അവരുടെ പള്ളികളിൽ ഉപദേശിച്ചു, രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കയും, സകലവിധ ദീനവും വ്യാധിയും സൗഖ്യമാക്കുകയും ചെയ്തു" (9:35). അവന്റെ ഹൃദയം പുരുഷാരത്തിലേക്കു തിരിഞ്ഞിരുന്നു (9:36); കൊയ്ത്തു ധാരാളം ഉണ്ടായിരുന്നുവെങ്കിലും, വേലക്കാരോ ചുരുക്കമായിരുന്നു (9:37). ക്രിസ്തുവിന് തനിച്ച് ആ പ്രവൃത്തി ചെയ്യുവാൻ കഴിഞ്ഞിരുന്നില്ല; അവന് സഹായം ആവശ്യമായിരുന്നു. വാർത്തകൾ വ്യാപിപ്പിക്കേണ്ടതിന്, അവൻ പന്ത്രണ്ടു പ്രത്യേക മിഷണറിമാരെ തിരഞ്ഞെടുത്തു (10:2–4).[2]

ഗലീലിയിൽ പ്രസംഗിക്കേണ്ടതിന് അപ്പൊസ്തലന്മാരെ യേശു അയക്കുന്ന വിവരണമാണ് മത്തായി 10–ാം അദ്ധ്യായത്തിൽ ഉള്ളത്. അടിസ്ഥാനപരമായി യേശു അവർക്കു നൽകുന്ന നിർദ്ദേശങ്ങളാണ് അതിലുള്ളത് (നോക്കുക മത്തായി 10:5; 11:1). ആ പ്രത്യേകമായ യാത്രയുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശങ്ങൾ ആയിരുന്നു മിക്കവയും. ഉദാഹരണമായി, യെഹൂദന്മാരുടെ അടുക്കലല്ലാതെ ജാതികളുടെ അടുക്കലോ, അല്ലെങ്കിൽ ശമര്യക്കാരുടെ അടുക്കലോ പോകുവാൻ പന്തിരുവരോടു പറഞ്ഞില്ല (10:5, 6).

നാം കൂടുതൽ ശ്രദ്ധയോടെ നോക്കിയാൽ, കർത്താവ് അവരെ ഭാവിയിലേക്കും കൂടെ ആയിരുന്നു തിരഞ്ഞെടുത്തത് എന്നു കാണാം, അതു അവൻ സ്വർഗ്ഗത്തിലേക്ക് മടങ്ങിപ്പോയശേഷം, അവന്റെ ഭൂമിയിലെ പ്രതിനിധികളായി പ്രവർത്തിക്കേണ്ട സമയത്ത് ആവശ്യമായിരുന്നു. ക്രിസ്തു അവരെ കുറിച്ചു പറഞ്ഞതു എന്റെ നിമിത്തം, ''നാടുവാഴികൾക്കും രാജാക്കന്മാർക്കും മുമ്പിൽ'' കൊണ്ടുപോകയും "അതു അവർക്കും ജാതികൾക്കും ഒരു സാക്ഷ്യം ആയിരിക്കും" (വാ. 18) എന്നുമാണ്. അത് ആ സന്ദർശനത്തിൽ സംഭവിച്ചില്ല, ആ യാത്രയിൽ ജാതികളെ ഉൾപ്പെടുത്തിയിരുന്നില്ല. മറിച്ച്, ആ പ്രവചനപരമായ പ്രസ്താവന നിറവേറപ്പെട്ടതായി പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (ഉദാഹരണത്തിന്, അദ്ധ്യായങ്ങൾ 23 മുതൽ 26 വരെ നോക്കുക). മറ്റൊരു വാക്കിൽ പറഞ്ഞാൽ, യേശു അപ്പൊസ്തലന്മാർക്കു നൽകിയ നിർദ്ദേശങ്ങൾ അവരുടെ വർത്തമാനകാലത്തെ വെല്ലുവിളിക്കും അപ്പുറമായിരുന്നു.

അദ്ധ്യായം 10–ൽ നമുക്കുള്ള പാഠങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ഈ പ്രസംഗത്തിൽ ആ അദ്ധ്യായം പൂർണ്ണമായി ഉൾപ്പെടുത്തുവാൻ എനിക്കു കഴിയുകയില്ല, എന്നാൽ കഴിഞ്ഞകാലത്തെയും ഇപ്പോഴത്തെയും സ്ഥാനാപതികളെ കുറിച്ചുള്ള ചിന്താവിഷയം അതിൽനിന്നെടുക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

**ഭൂതകാല സ്ഥാനാപതികൾ**

കഴിഞ്ഞകാലത്തിലെ സ്ഥാനാപതികളോടുകൂടെ നമുക്കാരംഭിക്കാം: ക്രിസ്തുവിന്റെ പ്രത്യേകമായ ഒരു–സമയത്തേക്കുള്ള സ്ഥാനാപതികൾ.[3] ആ പുരുഷന്മാരെ "അപ്പൊസ്തലന്മാർ" എന്നു വിളിച്ചിരുന്നു (വാ. 2). "അപ്പൊസ്തലൻ" എന്നത് ലിപിമാറ്റിയ ഗ്രീക്ക് വാക്കും അത് അക്ഷരികമായി അർത്ഥമാക്കുന്നത് "അയക്കപ്പെട്ടവൻ" എന്നുമാണ്. ആ വാക്ക് പൊതുവായ അർത്ഥത്തിൽ ഒരാളെ അയക്കുന്നതിനെ സൂചിപ്പിച്ച് ചിലപ്പോൾ ഉപയോഗിച്ചിരിക്കുന്നു – പ്രത്യേകിച്ച് കർത്താവിനാൽ അയക്കപ്പെടുന്ന ഒരാളെ സൂചിപ്പിക്കുവാൻ (2 കൊരിന്ത്യർ 8:23; ഫിലിപ്പിയർ 2:25), എന്നാൽ ആ പന്ത്രണ്ടുപേർ പ്രത്യേകതയുള്ളവരായിരുന്നു. അവർക്ക് പ്രത്യേകമായ യോഗ്യതകൾ ആവശ്യമായിരുന്നു (നോക്കുക പ്രവൃത്തികൾ 1:21, 22; 1 കൊരിന്ത്യർ 9:1; എഫെസ്യർ 4:11). പിൻവരുന്ന തലമുറകൾക്ക്[4] കൈമാറിക്കൊടുക്കാവുന്ന സ്ഥാനമായിരുന്നില്ല അത്. ആ പ്രത്യേക സ്ഥാനാപതികളെ കുറിച്ച് വാക്യങ്ങൾ 2 മുതൽ 4 വരെ പറഞ്ഞിരിക്കുന്നു:

> "പന്ത്രണ്ടു അപ്പൊസ്തലന്മാരുടെ പേരാവിതു, ഒന്നാമൻ പത്രൊസ് എന്നുപേരുള്ള ശിമോൻ, അവന്റെ സഹോദരൻ അന്ത്രെയാസ്, സെബെദിയുടെ മകൻ യാക്കോബ്, അവന്റെ സഹോദരൻ യോഹന്നാൻ, ഫിലിപ്പൊസ്, ബർത്തൊലൊമായി, തോമാസ്, ചുങ്കക്കാരൻ മത്തായി, അൽഫായുടെ മകൻ യാക്കോബ്, തദ്ദായി, ശിമോൻ, യേശുവിനെ കാണിച്ചുകൊടുത്ത ഇസ്കാര്യോത്താ യൂദാ".

നാം ആ ലിസ്റ്റു വായിക്കുമ്പോൾ, രണ്ടു വസ്തുതകൾ നമ്മെ ആകർഷിക്കും. (1) ലോകത്തിന്റെ കാഴ്ച്ചപ്പാടിൽ നിന്നു നോക്കുമ്പോൾ, അവർ സാധാരണ പുരുഷന്മാർ ആയിരുന്നു. അവർക്ക് ഉയർന്ന സാമൂഹ്യ നിലവാരമില്ലായിരുന്നു, പ്രത്യേക പരിശീലനമില്ലായിരുന്നു, പ്രത്യേക താലന്തുകളുമില്ലായിരുന്നു. അസാധാരണ പ്രവർത്തികൾക്കായി തിരഞ്ഞെടുത്ത സാധാരണ മനുഷ്യർ ആയിരുന്നു അവർ. ആരെയും എല്ലാവരെയും കർത്താവിന് ഉപയോഗിക്കുവാൻ കഴിയും. (2) ഏതൊരു കാഴ്ച്ചപ്പാടിൽ നിന്നു നോക്കിയാലും, അതൊരു അസാധാരണ മിശ്രിതമായിരുന്നു. ഉദാഹരണത്തിന്, മത്തായി ആണെങ്കിൽ, റോമാക്കാർക്കുവേണ്ടി ചുങ്കം പിരിക്കുന്നവനായിരുന്നു, അവനോടുകൂടെ എരിവുകാരനായ ശിമോനും പ്രവർത്തിച്ചിരുന്നു. എരിവുകാർ ദേശീയ മതഭ്രാന്തുള്ള തീവ്രവാദികൾ[5] ആയിരുന്നു. അവർ യേശുവിനെ കണ്ടുമുട്ടുന്നതിനു മുൻപു, ശിമോൻ മത്തായിക്ക് വിദ്വേഷം വരുത്തിയിരുന്നേക്കാം – എന്നാൽ കർത്താവിനു എല്ലാവരെയും സമാധാനത്തിൽ വസിപ്പാൻ സഹായിക്കുവാൻ കഴിയും.

അവർ പ്രത്യേക സ്ഥാനാപതികൾ ആയിരുന്നതുകൊണ്ട്, മത്തായി 10–ൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും നമ്മെ ബാധിക്കും എന്നു നാം കരുത

രുത്. ആ പുരുഷന്മാരെയും അവരുടെ ജോലിയെയും കുറിച്ച് പല പ്രത്യേക വസ്തുതകൾ അദ്ധ്യായം പറയുന്നുണ്ട്.

**അവരുടെ പ്രത്യേക യോഗ്യതകൾ (വാ. 1, 8)**

അപ്പൊസ്തലന്മാർക്ക് പ്രത്യേക യോഗ്യതകൾ നൽകിയിരുന്നു (നോക്കുക പ്രവൃത്തികൾ 2:43; 2 കൊരിന്ത്യർ 12:12; എബ്രായർ 2:1–4). അവർക്കു ഭൂതങ്ങളെ പുറത്താക്കുവാനും, രോഗികളെ സൗഖ്യമാക്കുവാനും, മരിച്ചവരെ ഉയിർപ്പിക്കുവാനും ശക്തി കൊടുത്തിരുന്നു (മത്തായി 10:1, 8). ആദ്യമായി, യേശു തന്റെ അത്ഭുത ശക്തികൾ പകർന്നു കൊടുത്തു. ദൈവം ആരെയെങ്കിലും കൽപന നൽകി ഏൽപ്പിക്കുമ്പോൾ, അവൻ ആ ആജ്ഞ നിർവ്വഹിക്കേണ്ടതിന് ആവശ്യമുള്ളതെല്ലാം പകർന്ന് കൊടുത്തിരുന്നു.

അപ്പൊസ്തലന്മാർക്കുണ്ടായിരുന്ന അതേ ശക്തി നിങ്ങൾക്കും എനിക്കും നൽകിയിട്ടില്ല, പക്ഷെ തത്വം ഒന്നുതന്നെയാണ്: കർത്താവു നമ്മിൽ അവന്റെ ആജ്ഞ നിർവ്വഹിക്കുവാൻ ആവശ്യമുള്ളതെല്ലാം നമുക്കു നൽകും.

**അവരുടെ പ്രത്യേക ചുമതല (വാ. 5-7)**

അപ്പൊസ്തലന്മാർക്ക് പ്രത്യേക ചുമതലകൾ നൽകിയിരുന്നു, പരിമിത ആജ്ഞ എന്നു നാം വിളിക്കുന്ന ഒന്നായിരുന്നു അത്. അതു ലക്ഷ്യത്തിൽ പരിമിതപ്പെടുത്തിയിരുന്നു: നാം കണ്ടുകഴിഞ്ഞതുപോലെ, അവർ ജാതികളുടെ അടുക്കലേക്കോ ശമര്യക്കാരുടെ അടുക്കലേക്കോ പോകാതെ, യെഹൂദന്മാരുടെ അടുക്കലേക്കുമാത്രം പോകേണ്ടിയിരുന്നു (വാ. 5, 6). അത് അതിന്റെ സന്ദേശത്തിലും പരിമിതപ്പെടുത്തിയിരുന്നു: അവർ, "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" എന്നായിരുന്നു പ്രസംഗിക്കേണ്ടിയിരുന്നത് (വാ. 7). വരുവാനുള്ള രാജ്യത്തിനായി ഒരുങ്ങേണ്ടതിന് ആളുകളോടു മാനസാന്തരപ്പെടുവാൻ അവർ അപേക്ഷിച്ചു (മർക്കൊസ് 6:12; നോക്കുക മത്തായി 3:2; 4:17).

നമ്മുടെ ചുമതല വ്യത്യസ്തമാണ്; നാം അതിനെ മഹത്തായ ആജ്ഞ എന്നു വിളിക്കുന്നു (മത്തായി 28:18–20; മർക്കൊസ് 16:15, 16). അതിന്റെ ലക്ഷ്യത്തിലും അതു പരിമിതി ഇല്ലാത്തതായിരുന്നു: നാം സർവ്വലോകത്തിലും പോകേണ്ടതായിട്ടുണ്ട് (മത്തായി 28:19; മർക്കൊസ് 16:15). മഹത്തായ ആജ്ഞയും അതിലെ സന്ദേശത്തിന് പരിമിതിയില്ലാത്തതാണ്: നാം സുവിശേഷം പൂർണ്ണമായും എല്ലാവരോടും പ്രസംഗിക്കേണ്ടതായിട്ടുണ്ട്. രാജാവായ യേശു വന്നു എന്നും, അവന്റെ രാജ്യം/സഭ സ്ഥാപിക്കപ്പെട്ടു എന്നും, ആർക്കും അതിലേക്കു പ്രവേശിക്കാമെന്നും നാം എല്ലാവരോടും പറയണം!

**അവരുടെ പ്രത്യേക നിർദ്ദേശങ്ങൾ (വാ. 9-16)**

അപ്പൊസ്തലന്മാർക്ക് പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിരുന്നു: അവർ ലളിതമായി യാത്ര ചെയ്യേണ്ടിയിരുന്നു (മത്തായി 10:9, 10) അവരെ സ്വീകരിക്കുന്ന വീടുകളിൽ താമസിക്കണമായിരുന്നു (വാ. 11–13). സ്വീകരിക്കാത്തവർക്കുവേണ്ടി അവർ സമയം പാഴാക്കേണ്ടിയിരുന്നില്ല, അവർ ത്യജിക്കപ്പെട്ടാൽ അവിടം വിട്ടുപോകണമായിരുന്നു (വാ. 13–15). അവരുടെ ഉപദേശത്തിൽ ബുദ്ധി ഉപയോഗിക്കേണ്ടിയിരുന്നു (വാ. 16).

ആ നിർദ്ദേശങ്ങൾ അവർക്കായി പ്രത്യേകം നൽകിയിരുന്നതാണ്,

എന്നാൽ നിങ്ങൾക്കും എനിക്കും അതേ പോലെയുള്ള പാഠങ്ങൾ ആവശ്യമാണ്. നമുക്ക് ആവശ്യമുള്ളതു ലഭിക്കുവാൻ നാം കർത്താവിൽ ആശ്രയിക്കുവാൻ പഠിക്കണം. അടിയന്തിരബോധം നമ്മളിൽ നിറഞ്ഞിരിക്കണം. കർത്താവിന്റെ വേലയിൽ തീരുമാനം എടുക്കുന്നതിൽ നാം ബുദ്ധിയും വിവേകവും ഉപയോഗിക്കണം.

**അവരുടെ പ്രത്യേക ഉത്തേജനം (വാ. 19, 20, 40-42)**

അവസാനം, അപ്പൊസ്തലന്മാർക്ക് പ്രത്യേകമായ പ്രോത്സാഹനം നൽകി: അവർ തടവിൽ ആക്കപ്പെടുമ്പോൾ അവരോടുള്ള ചോദ്യത്തിന് എന്തു പറയണമെന്ന്, പരിശുദ്ധാത്മാവു അവരോടു അരുളിചെയ്തു എന്നതു അവരെ ഉത്തേജിപ്പിച്ചിരുന്നു (വാ. 19, 20). ബർട്ടൺ കോഫ് മാൻ പറഞ്ഞു, "അപ്പൊസ്തലന്മാരെ സകല സത്യത്തിലും വഴിനടത്തുന്ന പുതിയ നിയമത്തിലെ ആ ദൈവശ്വാസീയതയെ പ്രസ്താവിക്കുന്നതിൽ ശക്തമായ ഒന്നാണ് ഇത്."[6] ഇതിന് വ്യത്യസ്തമായി, നിങ്ങളും ഞാനും മറ്റുള്ളവരോടു "പ്രതിവാദം പറയുവാൻ" തിരുവെഴുത്ത് പഠിക്കേണ്ടതായിട്ടുണ്ട് (1 പത്രൊസ് 3:15; കെജെവി).

അവന്റെ പ്രത്യേക സ്ഥാനാപതികൾ എന്ന നിലയിൽ, അവർ അവനെ പ്രതിനിധീകരിക്കുന്നു എന്ന ഉറപ്പുനൽകിക്കൊണ്ടും, ക്രിസ്തു അവരെ ഉത്തേജിപ്പിക്കുകയുണ്ടായി. അവരെ കൈക്കൊള്ളുന്നവർ അവനെയും കൈകൊള്ളുന്നുവെന്നു അവൻ അവരോടു പറഞ്ഞിരുന്നു (വാ. 40–42).[7] രാജാവിനാൽ അല്ലെങ്കിൽ ഒരു രാജ്യത്തിന്റെ പ്രസിഡന്റിനാൽ ചുമതലപ്പെടുത്തുക എന്നത് വലിയ ബഹുമതിയാണ്. എന്നാൽ "രാജാധിരാജാവും, കർത്താധികർത്താവും" ആയവന്റെ ചുമതല ലഭിക്കുക എന്നത് അതിനെക്കാൾ എത്രവലിയ ബഹുമതിയാണ് (വെളിപ്പാട് 19:16)!

അപ്പൊസ്തലന്മാർ യേശുവിന്റെ *പ്രത്യേക* സ്ഥാനാപതികൾ ആയിരുന്നുവെന്ന് ഞാൻ വീണ്ടും ഊന്നി പറയട്ടെ. അവർക്കുകൊടുത്ത പ്രത്യേകമായ നിർദ്ദേശങ്ങൾ (എന്തുപറയേണമെന്നതിനെ കുറിച്ച് വിചാരപ്പെടുകയേ വേണ്ട എന്നു തുടങ്ങിയവ) നമ്മെ ബാധിക്കുന്നവയല്ല.

**വർത്തമാനകാല സ്ഥാനാപതികൾ**

ഈ അദ്ധ്യായത്തിൽ നമുക്കുവേണ്ട പാഠങ്ങളും ഉണ്ട് – അതുകൊണ്ട് നമുക്ക് വർത്തമാനകാല സ്ഥാനാപതികളിലേക്ക് തിരിയാം: അതായത് യേശുവിന്റെ ദൈനന്തിന സ്ഥാനാപതികൾ. അപ്പൊസ്തലന്മാർ സ്ഥാനാപതികൾ ആയിരുന്നതുപോലെ പ്രത്യേക അർത്ഥത്തിലെ സ്ഥാനാപതികൾ അല്ല നിങ്ങളും ഞാനും, എങ്കിലും നാം ഇപ്പോഴും ഭൂമിയിലെ കർത്താവിന്റെ പ്രതിനിധികളാണ്. പൗലൊസ് കൊരിന്ത്യർക്ക് എഴുതി:

> ഒരുത്തൻ ക്രിസ്തുവിലായാൽ, അവൻ പുതിയ സൃഷ്ടി ആയാകുന്നു; പഴയതു കഴിഞ്ഞുപോയി; ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു. അതിന്നൊക്കെയും ദൈവം തന്നേ കാരണഭൂതൻ, അവൻ നമ്മെ ക്രിസ്തുമൂലം തന്നോടു നിരപ്പിച്ചു, നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്കു തന്നിരിക്കുന്നു, ദൈവം ലോകത്തിന്നു ലംഘനങ്ങളെ കണക്കിടാതെ, ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചുപോന്നു, ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ

ഭരമേല്പിച്ചുമിരിക്കുന്നു.

ആകയാൽ, ഞങ്ങൾ ക്രിസ്തുവിന്നുവേണ്ടി സ്ഥാനാപതികളായി ദൈവത്തോടു നിരന്നുകൊൾവിൻ, എന്നു ക്രിസ്തുവിന്നു പകരം അപേക്ഷിക്കുന്നു; അതു ദൈവം ഞങ്ങൾ മുഖാന്തരം, പ്രബോധിപ്പിക്കുന്നതുപോലെ ആകുന്നു (2 കൊരിന്ത്യർ 5:17–20).

പൗലൊസിന്റെ വാക്കുകൾ പ്രാഥമികമായി അവന്റെ ശുശ്രൂഷയുമായി ഉള്ള ബന്ധത്തിലായിരുന്നു, എന്നാൽ അവ സഭയുടെ ശുശ്രൂഷക്കു ഇന്നും ബാധകമാണെന്നു കാണാം – മനുഷ്യരെ ദൈവത്തോടു നിരപ്പിക്കുക എന്ന ഉത്തരവാദിത്വം ഓരോരുത്തർക്കുമുണ്ടെന്നും, നാം അതു ചെയ്യുമ്പോൾ, നാം "ക്രിസ്തുവിനുപകരം" സംസാരിക്കുകയാണെന്നും അതു സൂചിപ്പിക്കുന്നു.

വിശ്വസ്തരായ ക്രിസ്ത്യാനികൾ ഇന്നു ഭൂമിയിൽ യേശുവിന്റെ പ്രതിനിധികളാണെന്നു പല വേദഭാഗങ്ങളും ഊന്നിപ്പറയുന്നു; ക്രിസ്തുവിനെയും അവന്റെ വിശ്വസ്ത അനുയായികളെയും തമ്മിൽ വേർതിരിക്കുന്നത് അസാധ്യമെന്നു പുതിയ നിയമം പഠിപ്പിക്കുന്നു. യേശുവിന്റെ ശിഷ്യന്മാർക്ക് ആരെങ്കിലും ഒരു പാത്രം വെള്ളം കൊടുത്താൽ, അവർ യേശുവിനെ സേവിക്കുകയാണ് ചെയ്യുന്നത് (മത്തായി 10:42; നോക്കുക 25:35, 40). ശൗൽ സഭാംഗങ്ങളെ ഉപദ്രവിച്ചപ്പോൾ (പ്രവൃത്തികൾ 8:3), അവൻ വാസ്തവത്തിൽ ക്രിസ്തുവിനെയാണ് ഉപദ്രവിച്ചത് (പ്രവൃത്തികൾ 9:4).

അവന്റെ ശരീരമാകുന്ന സഭയിലേക്ക്, പ്രവേശിപ്പാനാണ് നാം സ്നാനമേറ്റത് (1 കൊരിന്ത്യർ 12:13), അതിനെ അവന്റെ "നിറവായിരിക്കുന്ന" എന്നു പറഞ്ഞിരിക്കുന്നു (എഫെസ്യർ 1:22, 23). നമ്മൾ സ്നാനമേൽക്കുമ്പോൾ, നാം ക്രിസ്തുവിനെ "ധരിച്ചിരിക്കുന്നു" (ഗലാത്യർ 3:27 നോക്കുക). നാം യേശുവിലാണ്, അവൻ നമ്മിലുമാണ് (റോമർ 8:1; കൊലൊസ്യർ 1:27). അതുകൊണ്ട് നമുക്ക് ഓരോരുത്തർക്കും പറയാം, "... ഇനി ജീവിക്കുന്നതു ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു" (ഗലാത്യർ 2:20).

വില്യം ബർക്ക്ലേ എഴുതി, "ക്രിസ്ത്യാനി മനുഷ്യർക്കുള്ള യേശുക്രിസ്തുവിന്റെ സ്ഥാനാപതിയാണ്. അവൻ ക്രിസ്തുവിന്റെ സാന്നിധ്യത്തിൽനിന്നാണ് പോകുന്നത്, അവൻ പോകുമ്പോൾ വചനവും അവന്റെ യജമാനന്റെ മനോഹാരിതയും അവനോടൊപ്പം കൊണ്ടുപോകുന്നു."[8] നാം മുൻപു കണ്ടതുപോലെ, നമുക്കു നമ്മുടെ ചുമതലയുണ്ട്: കർത്താവിന്റെ പ്രതിനിധിയായി എല്ലാ മനുഷ്യരോടും സർവ്വലോകത്തിലും പോയി അവന്റെ സന്ദേശം അറിയിക്കണം (മത്തായി 28:18–20; മർക്കൊസ് 16:15, 16). ഇതു മനസ്സിൽ വെച്ചുകൊണ്ട്, നമ്മുടെ വേദഭാഗത്തിലേക്കുപോയി അതിൽനിന്ന് ക്രിസ്തുവിന്റെ വർത്തമാന–കാല സ്ഥാനാപതികളായി പ്രവർത്തിക്കുന്നവർക്ക് ബാധകമായ പൊതുവായ സത്യങ്ങൾ എടുക്കാം.

**ജീവിക്കുവാനുള്ള ഒരു ജീവിതം (വാ. 28, 32, 33, 37-39)**

ക്രിസ്തുവിന്റെ സ്ഥാനാപതികളായി, ഒരു പ്രത്യേക തരത്തിലുള്ള ജീവിതമാണ് നാം നയിക്കേണ്ടത്. നാം രാജാവിനെയാണ് പ്രതിനിധീകരിക്കുന്നത് എന്ന്, ഓർമ്മിക്കുക!

അത് *ദൈവഭയമുള്ള*തിനാൽ വിശേഷതയുള്ള ഒരു ജീവിതമായിരിക്കും. യേശു പറഞ്ഞു, "ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്ന

വരെ ഭയപ്പെടേണ്ടാ; ദേഹിയെയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നേ ഭയപ്പെടുവിൻ" (മത്തായി 10:28).

അത് *കർത്താവിനെ ധൈര്യത്തോടെ പ്രഖ്യാപിക്കുന്നതി*നാൽ വിശേഷതയുള്ള ഒരു ജീവിതമായിരിക്കണം. ക്രിസ്തു പറഞ്ഞു, "മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റു പറയുന്ന ഏവനെയും, സ്വർഗസ്ഥനായ എന്റെ പിതാവിൻ മുമ്പിൽ ഞാനും ഏറ്റു പറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെയോ, എന്റെ പിതാവിൻ മുമ്പിൽ ഞാനും തള്ളിപ്പറയും" (വാ. 32, 33). നാം അവനെ വചനത്തിൽ അംഗീകരിക്കണം. ബാർക്ക്ലേ പറഞ്ഞതു "ധൈര്യത്തോടെയുള്ള വാക്കുകളെ ക്കാൾ അധികം ആളുകളും ഭീരുത്വത്തോടെ യേശുവിനെ മൂകമായി തള്ളിക്കളയുന്നു"[9] എന്നാണ്. പ്രവർത്തിയിലും നാം അവനെ അംഗീകരിക്കണം (തീത്തോസ് 1:16 നോക്കുക). അമേരിക്കൻ പ്രസിഡന്റിനു രഹസ്യസേവനം[10] ഉണ്ടായിരുന്നേക്കാം, എന്നാൽ യേശുവിന് അതില്ല. നാം നമ്മുടെ രാജാവിന്റെ ദാസന്മാർ ആണെന്നു നിങ്ങളും ഞാനും തുറന്നു സമ്മതിക്കണം!

അത് *ശരിയായ മുൻഗണനകളാൽ* വിശേഷതയുള്ള ഒരു ജീവിതമായിരിക്കണം. എല്ലാറ്റിലും മുകളിലായി ദൈവത്തെയും, യേശുവിനെയും, രാജ്യത്തെയും നാം ഓർക്കണം. അവ നമ്മുടെ കുടുംബത്തേക്കാൾ പ്രാധാന്യമുള്ളതാണ്. യേശു പറഞ്ഞു, "എന്നേക്കാൾ അധികം അപ്പനെയോ അമ്മയേയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല; എന്നെക്കാൾ അധികം മകനേയോ മകളേയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല" (വാ. 37).[11] നമ്മുടെ സ്വന്തജീവനെക്കാൾ പ്രാധാന്യമുള്ളതാണ് കർത്താവിന്റെ രാജ്യത്തിന്. വീണ്ടും, ക്രിസ്തു പറഞ്ഞു "എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും" (വാ. 39). റോമൻ ഉപദ്രവത്തെ നേരിട്ട ആദ്യ ക്രിസ്ത്യാനികൾക്ക് ആ വാഗ്ദാനം എത്ര ആശ്വാസപ്രദമായിരുന്നു!

*സ്വയം ത്യജിക്കലാൽ* വിശേഷതയുള്ള ഒരു ജീവിതമായിരിക്കണം അത്. യേശു പറഞ്ഞു, "തന്റെ ക്രൂശു എടുത്തു എന്നെ അനുഗമിക്കാത്തവനും എനിക്കു യോഗ്യനല്ല" (വാ. 38). മത്തായിയുടെ പുസ്തകത്തിൽ ഇതാദ്യമായാണ് ക്രൂശിനെ കുറിച്ചു സൂചിപ്പിച്ചിരിക്കുന്നത്. അക്ഷരികമായി – യേശു പിന്നീടു "തന്റെ ക്രൂശെടുത്തു." നാം അവനെ അനുഗമിക്കുവാൻ മനസ്സു വയ്ക്കണം.

### സഹിക്കേണ്ടതായ ഉപദ്രവം (വാ. 16-18, 21, 22, 34-36)

ക്രിസ്തുവിന്റെ "സ്ഥാനാപതികൾ" എന്ന നിലയിൽ, നമുക്ക് ഉപദ്രവം പ്രതീക്ഷിക്കാം. യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, "ചെന്നായ്ക്കളുടെ നടുവിൽ ആടിനെപ്പോലെ ഞാൻ നിങ്ങളെ അയക്കുന്നു" (വാ. 16). അത് അസാധാരണമെന്നു തോന്നിയേക്കാം കാരണം ക്രിസ്തു രാജാധിരാജാവാണ്, എന്നാൽ ചരിത്രം എന്നത് ആധികാരികതക്ക് എതിരായ മത്സരങ്ങളുടെ രേഖകൾ ആണ്. അവനെ അവർ ഉപദ്രവിച്ചുവെങ്കിൽ (വാ. 25), പിന്നെ അവന്റെ അനുഗാമികളെ അവർ ഉപദ്രവിക്കാതിരിക്കുമോ (വാ. 24)?

മൂന്നു വിധത്തിലുള്ള ഉപദ്രവങ്ങളെ അദ്ധ്യായം പറയുന്നു. ഒന്നാമത്തേത് അന്നത്തെ സംഘടിക്കപ്പെട്ട മതത്തിൽ നിന്നുള്ള ഉപദ്രവം ആയിരുന്നു: "മനുഷ്യരെ സൂക്ഷിച്ചുകൊൾവിൻ, അവർ നിങ്ങളെ ന്യായാധിപസഭകളിൽ ഏൽപ്പിക്കയും തങ്ങളുടെ പള്ളികളിൽവെച്ചു ചമ്മട്ടികൊണ്ടു അടിക്കയും

ചെയ്യും" (വാ. 17). സംഘടിക്കപ്പെട്ട മതത്താലുള്ള ഉപദ്രവം എന്ത് എന്ന് ലോകത്തിന്റെ ചിലഭാഗത്തുള്ള ക്രിസ്ത്യാനികൾക്ക് ഇന്ന് മനസ്സിലാക്കുവാൻ കഴിയും.

രണ്ടാമത്തേത് ഗവൺമെന്റ് അധികാരികളിൽനിന്നുള്ള ഉപദ്രവം ആയിരുന്നു: "അവർ നിങ്ങളെ ... എന്റെ നിമിത്തം നാടുവാഴികൾക്കും രാജാക്കന്മാർക്കുംമുമ്പിൽ കൊണ്ടുപോകയും ചെയ്യും" (വാ. 18). ഉടനെ, നാം പൗലൊസിന്റെ ഉപദ്രവത്തെയും, ആദ്യത്തെ രക്തസാക്ഷിയെയുമാണ് ഓർമ്മിക്കുന്നത്. വീണ്ടും, അത്തരം ഉപദ്രവം, ഇന്ന് നമ്മുടെ ചില സഹോദരങ്ങൾക്ക് സഹിക്കേണ്ടിവന്നിട്ടുണ്ട്, അവർ അനുഭവിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു.[12]

മൂന്നാമത്തെ ഉപദ്രവം ഒരു അപ്രതീക്ഷിത ഉറവിടത്തിൽ നിന്നുള്ളതാണ്: അതായത് കുടുംബം.[13]

> "സഹോദരൻ സഹോദരനെയും, അപ്പൻ മകനെയും മരണത്തിന്നു ഏല്പിക്കും; അമ്മയപ്പന്മാർക്ക് എതിരായി മക്കൾ എഴുന്നേറ്റു അവരെ കൊല്ലിക്കും" (വാ. 21).

> "ഞാൻ ഭൂമിയിൽ സമാധാനം വരുത്തുവാൻ വന്നു എന്നു നിരൂപിക്കരുതു; സമാധാനം അല്ല, വാൾ അത്രേ വരുത്തുവാൻ ഞാൻ വന്നതു. മനുഷ്യനെ തന്റെ അപ്പനോടും, മകളെ അമ്മയോടും, മരുമകളെ അമ്മാവിയമ്മയോടും ഭേദിപ്പിപ്പാനത്രേ ഞാൻ വന്നതു; മനുഷ്യന്റെ വീട്ടുകാർ തന്നേ അവന്റെ ശത്രുക്കൾ ആകും" (വാ. 34–36).

യേശു സത്യമായി തന്നെ അനുയായികളോടു പറഞ്ഞു: "എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകക്കും" (വാ. 22). അവൻ കൃത്യമായും അവരോടു സത്യസന്ധത പുലർത്തിയിരുന്നു. അവൻ അവർക്കു ചെയ്യേണ്ടതായ ജോലി വിവരിച്ചു, പിന്നെ, യഥാർത്ഥമായി ചോദിച്ചു, "നിങ്ങൾക്കു ജോലി വേണോ?"

പുതിയ നിയമത്തിൽ ഉപദ്രവത്തെ വളരെയധികം പറയുമ്പോൾ നാം എന്തുകൊണ്ടാണ് അതിനെ കുറിച്ചു കുറച്ചുമാത്രം സംസാരിക്കുന്നത്?[14] ആദ്യസഭ കൂടിവന്നപ്പോൾ, കർത്താവിനുവേണ്ടി അവർക്കു നേരിടേണ്ടിവന്ന അപകടങ്ങളെ കുറിച്ചു സംസാരിച്ചു. നിങ്ങളിൽ ചിലർ തിരക്കുള്ളവരാണെന്നും, ക്ഷീണിതരാണെന്നും, ചൂടു കൂടുതലാണെന്നും, അല്ലെങ്കിൽ തണുപ്പു കൂടുതൽ ആണെന്നും മിക്കവാറും പരാതിപ്പെടുന്നവരാകാം. അവർ ഉപദ്രവങ്ങളെ സഹിച്ചു എന്നാൽ നമുക്ക് അസൗകര്യം പോലും ഇഷ്ടമല്ല. "യേശു ക്രൂശ് തനിയെ വഹിക്കണോ?"

### പ്രതീക്ഷിക്കുവാനുള്ള ഉറവിടങ്ങൾ (വാ. 26-31)

മത്തായി 10–ലെ ക്രിസ്തുവിന്റെ വാക്കുകൾ എല്ലാം നിഷേധഭാവത്തിൽ ഉള്ളതായിരുന്നുവെന്ന ധാരണ ഉണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. ആ നാണയത്തിന് മറ്റൊരു വശമുണ്ട്. യേശുവിന്റെ "സ്ഥാനാപതികൾ" എന്ന നിലയിൽ, നമുക്ക് കാര്യനിർവ്വഹണത്തിനായി രാജാവിന്റെ ഉറവിടങ്ങളും ശക്തിയുമുണ്ട്.

അദ്ധ്യായത്തിൽ മൂന്നു പ്രാവശ്യം, കർത്താവു ശിഷ്യന്മാരോടു ഭയപ്പെ

ടേണ്ട എന്നു പറഞ്ഞു: നിങ്ങളെ കുറിച്ച് അപവാദം പറയുമ്പോൾ ഭയപ്പെ ടേണ്ട കാരണം, അവസാനം, സത്യം ജയിക്കും: "അതുകൊണ്ടു അവരെ ഭയപ്പെടേണ്ടാ, മറച്ചുവെച്ചതു ഒന്നും വെളിപ്പെടാതെയും, ഗൂഢമായതു ഒന്നും അറിയാതെയും ഇരിക്കയില്ല" (വാ. 26). "പുരമുകളിൽ" പ്രഖ്യാപിക്കേണ്ട താണ് സുവിശേഷം (വാ. 27).[15]

നിങ്ങളുടെ ജീവനു ഭീഷണി നേരിടുമ്പോൾ ഭയപ്പെടേണ്ട, കാരണം മനു ഷ്യർക്ക് പരമാവധി ചെയ്യുവാൻ കഴിയുന്നത് ശരീരത്തെ കൊല്ലുക എന്ന താണ്: "ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയ പ്പെടേണ്ട; ദേഹിയെയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയു ന്നവനെ തന്നെ ഭയപ്പെടുവിൻ" (വാ. 28). ആരോ എഴുതി, "വിശുദ്ധന്മാരെ, അവനെ ഭയപ്പെടുവിൻ, എന്നാൽ നിങ്ങൾക്ക് മറ്റാരെയും ഭയപ്പെടേണ്ടിവരി കയില്ല." അവന്റെ ശരീരം അടക്കം ചെയ്യുമ്പോൾ, അവർ ജോൺ നോക്സി നെകുറിച്ചു പറഞ്ഞത്, "ഒരു മനുഷ്യന്റെയും മുഖത്തെ ഒരിക്കലും ഭയപ്പെ ടാതെ ദൈവത്തെ അത്ര മാത്രം ഭയപ്പെട്ടവൻ ഇതാ കിടക്കുന്നു."[16]

നിങ്ങളുടെ വശത്ത് സർവ്വ-ശക്തിയുള്ള ദൈവം ഉള്ളതുകൊണ്ട്, ഭയ പ്പെടേണ്ട!

> "കാശിന്നു രണ്ടു കുരുകിൽ വിൽക്കുന്നില്ലയോ?[17] അവയിൽ ഒന്നുപോലും നിങ്ങളുടെ പിതാവു സമ്മതിക്കാതെ നിലത്തുവീഴുകയില്ല. എന്നാൽ നിങ്ങ ളുടെ തലയിലെ രോമവും എല്ലാം എണ്ണപ്പെട്ടിരിക്കുന്നു. ആകയാൽ ഭയ പ്പെടേണ്ടാ; ഏറിയ കുരുകിലുകളെക്കാളും നിങ്ങൾ വിശേഷതയുള്ളവര ല്ലോ" (വാ. 29–31).

**ഉപസംഹാരം**

യേശു അപ്പൊസ്തലന്മാർക്കു നൽകിയ വെല്ലുവിളിയും – യേശു നമു ക്കു നൽകുന്ന വെല്ലുവിളിയും – വാക്യം 39–ൽ ചുരുക്കി പ്രതിപാദിച്ചിട്ടുണ്ട്: "തന്റെ ജീവനെ കണ്ടെത്തിയവൻ അതിനെ കളയും, എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും." ആദ്യ എഴുത്തുകാർ നമ്മോടു പറയുന്നത് ആദ്യ രക്തസാക്ഷികൾ അവരുടെ ചുണ്ടിൽ ഈ വാക്യവുമായി അഭിമുഖീകരിച്ചത് ജ്വാലയോ വന്യമൃഗത്തെയോ ആയിരുന്നു എന്നാണ്: "എന്റെ നിമിത്തം തന്റെ ... ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും."

രക്തസാക്ഷികൾക്കുള്ള വെറുമൊരു വേദഭാഗമല്ല മത്തായി 10:39. അതു നമുക്കോരോരുത്തർക്കുമുള്ളതാണ്. അതിൽ പുതിയ നിയമത്തിലെ അടി ക്കടി രേഖപ്പെടുത്തിയിരിക്കുന്ന കർത്താവിന്റെ അരുളപ്പാടും ഉണ്ട്. സുവി ശേഷ വിവരണങ്ങളിൽ ആ പ്രസ്താവന ആറു പ്രാവശ്യമുണ്ട്. (മറ്റു അഞ്ചെണ്ണം ഉള്ളത് മത്തായി 16:25; മർക്കൊസ് 8:35; ലൂക്കൊസ് 9:24; 17:33; യോഹന്നാൻ 12:25–ൽ.) അവന്റെ സേവനത്തിൽ നമ്മുടെ ജീവൻ നഷ്ട പ്പെടുന്നതിന്റെ പ്രാധാന്യം നാം മനസ്സിലാക്കുവാൻ യേശു ആഗ്രഹിച്ചു. "തന്റെ ജീവനെ കണ്ടെത്തിയവൻ അതിനെ കളയും, എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും."

നിങ്ങളെ വിളിച്ചിരിക്കുന്ന വിളിയും നിങ്ങളിൽ ഏൽപ്പിച്ചിരിക്കുന്ന ചുമ തലയും അവഗണിക്കുകയാണെങ്കിൽ, സ്വാർത്ഥതയോടെ നിങ്ങൾ നിങ്ങൾക്കുവേണ്ടി മാത്രം ജീവിച്ചാൽ, നിങ്ങൾക്ക് അതിനെ നഷ്ടപ്പെടും.

നിങ്ങൾ നിങ്ങളുടെ ജീവിതത്തെ എന്തുചെ*യ്യും?* തീരുമാനമെടുക്കേണ്ട[18] ദിവസം ഇന്നാണ്.

---

കുറിപ്പുകൾ

[1]*ക്രിസ്തുവിന്റെ ജീവിതം, 1* എന്ന പുസ്തകത്തിലുള്ള "മത്തായിയുടെ പുസ്തകം," എന്നതും "നാലു സുവിശേഷവിവരണങ്ങൾ," എന്നതും നോക്കുക. [2]*ക്രിസ്തുവിന്റെ ജീവിതം, 3*–ൽ "കാറ്റ് ഉരുണ്ടുകൂടൽ" എന്ന പാഠത്തിൽ അപ്പൊസ്തലന്മാരെ തിരഞ്ഞെടുത്തതിനെ കുറിച്ചു നാം പഠിച്ചു. [3]എഫെസ്യർ 6:20–ൽ പൗലൊസ് അവനെ കുറിച്ചു തന്നെ "ചങ്ങല ധരിച്ച സ്ഥാനാപതി" എന്നു പറഞ്ഞിരിക്കുന്നു. "സ്ഥാനാപതി" എന്ന വാക്ക് "പഴയത്" അല്ലെങ്കിൽ "പഴക്കമുള്ള" എന്നതിനുള്ള വാക്കിന്റെ രൂപഭേദത്തിൽ നിന്നുള്ളതാണ്. ഒരു നിയമമായി, അക്കാലത്തെ ലൗകിക സ്ഥാനാപതികൾ പ്രായമുള്ളവരായിരുന്നു. ഫിലേമോൻ 9–ലെ "പ്രായമുള്ളവർ" എന്ന വാക്ക് "സ്ഥാനാപതി" എന്നു തർജ്ജിമ ചെയ്യേണ്ടതാണെന്ന് പല വ്യാഖ്യാതാക്കളും വിചാരിക്കുന്നു. പൗലൊസ് "ഒരു സ്ഥാനാപതി" ആയിരുന്നുവെങ്കിൽ, മറ്റുള്ള അപ്പൊസ്തലന്മാരും അങ്ങനെ ആയിരുന്നു. മത്തായി 10 ഊന്നി പറയുന്നത് അപ്പൊസ്തലന്മാർ യേശുവിനെ *പ്രതിനിധീകരിച്ചു* എന്നാണ്. ഒരു സ്ഥാനാപതിയുടെ പ്രാഥമികമായ കടമ അയാളെ അയച്ചവനെ പ്രതിനിധീകരിക്കുക എന്നതാണ്. [4]അപ്പൊസ്തലന്മാരെ കുറിച്ചുള്ള ഈ വിവരങ്ങൾ മുൻപഠന പരമ്പരകളിൽ നൽകിയിട്ടുണ്ട്, എന്നാൽ അത് ആവർത്തിക്കുന്നതിൽ വിലയുണ്ടാകാം. [5]*ക്രിസ്തുവിന്റെ ജീവിതം, 1*–ലെ "ക്രിസ്തു വന്നതായ ലോകം" എന്ന പാഠത്തിലെ യേശുവിന്റെ കാലത്തെ "മറ്റു വിഭാഗങ്ങൾ" എന്നു പറഞ്ഞിരിക്കുന്നതിൽ സീലോട്ട്സും ഉണ്ട്. [6]ജെയിംസ് ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ മാത്യു* (ആസ്റ്റിൻ, ടെക്സ്.: ഫെം ഫൗണ്ടേഷൻ പബ്ളിഷിങ് ഹൗസ്, 1968), 137. [7]യോഹന്നാൻ 13:20 കൂടെ നോക്കുക. ചിലർ പഠിപ്പിക്കുന്നത് അപ്പൊസ്തലന്മാർ പറഞ്ഞതിനെക്കാളും എഴുതിയതിനെക്കാളും പ്രാധാന്യം പുതിയ നിയമത്തിൽ യേശു പറഞ്ഞതിനുണ്ടെന്നാണ്. മത്തായി 10:42–ഉം യോഹന്നാൻ 13:20–ഉം പറയുന്നത് നാം അപ്പൊസ്തലന്മാരുടെ ഉപദേശം കൈക്കൊള്ളണം എന്നാണ് കാരണം അത്: യേശുവിന്റെ ഉപദേശമാണ്. നാം അപ്പൊസ്തലന്മാരെ കൈക്കൊള്ളുകയാണെങ്കിൽ, ക്രിസ്തുവിനെയാണ് കൈക്കൊള്ളുന്നത്. നേരെ മറിച്ച്, നാം അവരെ (അവരുടെ ഉപദേശത്തെയും) തള്ളിക്കളഞ്ഞാൽ, നാം ക്രിസ്തുവിനെയാണ് തള്ളിക്കളയുന്നത്. [8]വില്യം ബാർക്ക്‌ലേ, *ദ ഗോസ്പെൽ ഓഫ് മാത്യു*, വാല്യം. 1, റെവ. എഡി., ദ ഡെയിലി ബൈബിൾ സ്റ്റഡി സീരീസ് (ഫിലദെൽഫിയ: വെസ്റ്റ്മിൻസ്റ്റർ പ്രെസ്, 1975), 361. [9]ഇബിഡ്., 392. [10]അമേരിക്കൻ സീക്രറ്റ് സെർവീസ് എന്നത് അമേരിക്കയിലെ ഒരു ട്രഷറി ഡിപ്പാർപ്പെന്റു ഏജൻസിയാണ്. മറ്റു കടമകളോടൊപ്പം, അവർക്ക് പ്രസിഡന്റിന്റെയും അയാളുടെ കുടുംബത്തിന്റെയും സംരക്ഷണചുമതലയുണ്ട്.

[11]മത്തായി 10:37–ന്റെ ചുരുങ്ങിയ ചർച്ചക്കും അതിന്റെ സൂചനകൾക്കും, *ക്രിസ്തുവിന്റെ ജീവിതം, 2*–ലെ "നമ്മുടെ രണ്ടു കുടുംബങ്ങൾ," എന്ന പാഠം നോക്കുക. [12]അമേരിക്കയിൽ, ഞങ്ങൾക്ക് ഗവൺമെന്റിൽനിന്നുള്ള ഉപദ്രവമില്ല, ഞാൻ ഇതിനെ സമൂഹത്തിലുള്ള പൊതുവായ ഉപദ്രവത്തെ സൂചിപ്പിച്ചു പറയും. [13]വാക്യങ്ങൾ 34 മുതൽ 36 വരെ ഉള്ളതിനെ കുറിച്ചുള്ള ചുരുങ്ങിയ ചർച്ചക്ക്, *ക്രിസ്തുവിന്റെ ജീവിതം, 2*–ലെ "നമ്മുടെ രണ്ടു കുടുംബങ്ങൾ," എന്ന പാഠം നോക്കുക. [14]നോക്കുക റോമർ 8:14–17; ഫിലിപ്പിയർ 1:27–30; 1 പത്രൊസ് 2:18–21; 5:8, 9; 2 തിമൊഥെയാസ് 3:10–12. [15]ടെക്സാസിലെ, ക്ളെബണിലുള്ള നോർത്ത് ആൻഗ്ളിൻ സെന്റ്. ചർച്ച് ഓഫ് ക്രൈസ്റ്റ് കെട്ടിട

ത്തിന്, ഒരു വശത്ത്, താഴ്ന്ന മേൽക്കൂരയാണുള്ളത്. മേൽക്കൂരക്കു മുകളിൽ പ്രാസംഗികൻ നിന്നു പ്രസംഗിക്കുകയും ആളുകൾക്ക് ഇരിക്കുവാൻ താഴെ കസേരകൾ നിരത്തി അവിടെ ഇരുന്നുമാണ് അവിടെ സുവിശേഷം പ്രസംഗിക്കുന്നത് ആളുകൾ കേൾക്കാറുള്ളത്. [16]ബാർക്ലേ, 386. [17]ഗ്രീക്ക് വാക്ക് തർജ്ജിമ ചെയ്തിരിക്കുന്ന "സെന്റ്" എന്നത് ഏറ്റവും ചെറിയ റോമൻ കോപ്പർ നാണയത്തെയാണ് സൂചിപ്പിച്ചത്. ഒരു ദിനാറിന്റെ 1/15 ഭാഗം വിലയുള്ളതായിരുന്നു അത് (അത് ഒരു ദിവസത്തെ ശരാശരി വേതനമായിരുന്നു). [18]നിങ്ങൾ ഇത് പ്രസംഗിക്കുമ്പോൾ, എങ്ങനെ കർത്താവിങ്കലേക്ക് വരാമെന്ന് നിങ്ങളുടെ സദസ്യരോടു നിങ്ങൾക്കു പറയാം (മർക്കൊസ് 16:15, 16; പ്രവൃത്തികൾ 2:37, 38) തെറ്റിപ്പോയ ക്രിസ്ത്യാനികളോടു എങ്ങനെ കർത്താവിങ്കലേക്ക് തിരിച്ചു മടങ്ങിവരാമെന്നും പറയാം (പ്രവൃത്തികൾ 8:22; യാക്കോബ് 5:16).